"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അടുത്ത 18 മാസത്തിനുള്ളിൽ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കേണ്ട പദ്ധതികൾ /പ്രോജക്ടുകൾ/സ്കീമുകൾ പൂർത്തീകരിക്കുന്നതിന്- കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

G.O.(Rt)No.1522/2024/LSGD തീയതി,തിരുവനന്തപുരം, 14-08-2024

പരാമർശം:-

1. 16.05.2024 ലെ PIEM 2/I9/2024-PIEMD നം. സർക്കുലർ
2. 31.05.2024ലെ PIEM 2/1 9/2024-PIEMD നം. സർക്കുലർ
3. പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ 31.07.2024 ലെ നം.പനിവിനി-2/19/2024/പനിവിനിവ കത്ത്.

**ഉത്തരവ്**

അടുത്ത 18 മാസത്തിനുള്ളിൽപൂർണ്ണമോയോ ഭാഗികമായോ പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ, പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്ന പദ്ധതികൾ, പദ്ധതി ആവിഷ്കരണം/നയരൂപീകരണം നടത്തി ബഡ്ജറ്റിലൂടെ നടപ്പാക്കാൻ സാധിക്കുന്ന പദ്ധതികൾ എന്നിവ കണ്ടെത്താനും പദ്ധതി പൂർത്തീകരണത്തിനായുള്ള ടൈംലൈൻ, ഫണ്ട് ആവശ്യകതകൾ എന്നിവ വ്യക്തമാക്കി ഒരു കർമ്മ പദ്ധതി തയ്യാറാക്കാനുള്ള വിവരശേഖരണത്തിനായി സ്വീകരിക്കേണ്ട നടപടികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം(1) (2)പ്രകാരം നൽകിയിരുന്നു.

(2). സർക്കാരിന്റെ വികസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ സമർപ്പിച്ച ശിപാർശയിലെ പദ്ധതികൾ / പ്രോജക്ടുകൾ / സ്കീമുകൾ ചർച്ച ചെയ്ത് ഒരു മാസത്തിനുള്ളിൽ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ടി സ്കീമുകൾ/ പദ്ധതികൾ/പ്രോജക്ടുകൾ അടുത്ത 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനായി ഗവണ്മെന്റ് സെക്രട്ടറി, വകുപ്പ് മേധാവി, ആസൂത്രണ ബോർഡിലെ ബന്ധപ്പെട്ട മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡിലെ ബന്ധപ്പെട്ട ചീഫ് (മാർ) എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ടെന്ന് പരാമർശം (3) പ്രകാരം പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നു.

(3). സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ സമർപ്പിച്ച ശിപാർശയിലെ അടുത്ത 18 മാസങ്ങൾക്കുള്ളിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന പൂർത്തീകരിക്കേണ്ട പദ്ധതികൾ /പ്രോജക്ടുകൾ/സ്കീമുകൾ ചർച്ച ചെയ്ത് ഒരു മാസത്തിനുള്ളിൽ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ടി സ്കീമുകൾ/പദ്ധതികൾ/പ്രോജക്ടുകൾ അടുത്ത 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനായി പരാമർശം (3) ലെ നിർദ്ദേശത്തിന്റെ

അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1. പ്രിൻസിപ്പൽ സെക്രട്ടറി, ത.സ്വ.ഭ.വകുപ്പ് - ചെയർപേഴ്സൺ
2. സ്പെഷ്യൽ സെക്രട്ടറി, ത.സ്വ.ഭ.വകുപ്പ് - കോ-ചെയർപേഴ്സൺ
3. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വകുപ്പ് - കൺവീനർ
4. ശ്രീ. ജിജു. പി. അലക്സ്, മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്
5. ശ്രീമതി. ജോസഫൈൻ, ചീഫ്, വികേന്ദ്രീകൃത ആസൂത്രണം, സംസ്ഥാന

ആസൂത്രണ ബോർഡ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHARAF A
UNDER SECRETARY

പകർപ്പ്
എല്ലാ കമ്മിറ്റി അംഗങ്ങൾക്കും
പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 14-08-2024 15:03:45